## ഉപസംഹാരം

# പ്രേരണ

യെഹൂദജനത്തോടു പത്രൊസ് പ്രസംഗിച്ചപ്പോൾ (പ്രവൃത്തികൾ 2:14–36), അവരുടെ ഹൃദയത്തിൽ സ്പർശിക്കുകയും (പ്രവൃത്തികൾ 2:37) രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യേണം എന്നു അവരോടു പറയുകയും ചെയ്തു (പ്രവൃത്തികൾ 2:38), പിന്നെ അവൻ അവരെ വചനത്തോടു പ്രതികരിക്കുവാൻ പ്രേരിപ്പിച്ചു (പ്രവൃത്തികൾ 2:40). ആളുകളെ ക്രിസ്തുവിലേക്കു കൊണ്ടുവരുവാൻ യേശുവിന്റെ ഇഷ്ടത്തോടു ആളുകൾ പ്രതികരിക്കുന്നതു വളരെ പ്രധാനപ്പെട്ട ഭാഗമാണ്.

പ്രേരണയിൽ ഒരു വ്യക്തി ദൈവ വചനത്തോടു ശരിയായി പ്രതികരിക്കുവാൻ അയാളുടെ മനസ്സിൽ വേണ്ടതായ തീരുമാനം എടുക്കുവാൻ അയാളെ സഹായിക്കുന്നതു അടങ്ങുന്നതാണ്. അതു നമ്മുടെ ഇഷ്ടം ചെയ്യുവാൻ മറ്റൊരാളെ നിർബ്ബന്ധിക്കുന്ന ഒന്നാകരുത്.

പഠിക്കുന്ന ആൾ സത്യം അനുസരിക്കുവാൻ തുടങ്ങുന്നതിനുമുൻപ് അയാൾ രക്ഷയെ കുറിച്ചുള്ള സത്യം മനസ്സിലാക്കിയിരിക്കണം എന്നു അദ്ധ്യാപകൻ ഉറപ്പു വരുത്തണം. പഠിക്കുന്ന ആൾ അനുസരിക്കുന്നതിന്റേയും അനുസരിക്കാതിരിക്കുന്നതിന്റേയും അന്തരഫലം തിരിച്ചറിയണം.

പഠിക്കുന്ന ആൾ ഇതെല്ലാം മനസ്സിലാക്കിയാൽ, പിന്നെ അദ്ധ്യാപകൻ ഉടനെ പ്രതികരിക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യമാക്കണം. സുവിശേഷം അനുസരിക്കുവാൻ ഇപ്പോൾ ഉള്ളതിനേക്കാൾ പറ്റിയ സമയം ഏതാണ് എന്നു അദ്ധ്യാപകൻ വിദ്യാർത്ഥിയോടു ചോദിക്കുക. താഴെ കൊടുത്തിട്ടുള്ള നേട്ടവും ഉൾപ്പെടുത്താം:

1. നിങ്ങൾ അവനെ അനുസരിച്ചാൽ ദൈവം നിങ്ങളുടെ ജീവിതത്തിൽ പ്രവർത്തിക്കും.

2. നിങ്ങൾ അവന്റെ മകൻ ആകുമ്പോൾ, ദൈവം തന്റെ ആത്മാവിനെ അയച്ചു, ശരിയായ ക്രിസ്തീയ ജീവിതം നയിക്കുവാൻ നിങ്ങളെ സഹായിക്കും (ഗലാ. 4:6; എഫെ. 3:16).

3. നിങ്ങൾ ദൈവത്തിന്റെ സ്നേഹമുള്ള ഭവനത്തിലെ ഭാഗമായി തീരും.

4. നിങ്ങൾ അനുസരിച്ചതിൽ നിങ്ങളെ സ്നേഹിക്കുന്ന എല്ലാവരും സന്തോഷിക്കും. ദൈവം സന്തോഷിക്കും, യേശു സന്തോഷിക്കും, പരിശുദ്ധാത്മാവു സന്തോഷിക്കും, ദൂതന്മാർ സന്തോഷിക്കും, ക്രിസ്ത്യാനികൾ സന്തോഷിക്കും നിങ്ങളോ, നിങ്ങളും സന്തോഷിക്കും.

5. നിങ്ങളുടെ പാപങ്ങളെ കുറിച്ചുള്ള വിചാരം ഇല്ലാതാകുകയും, പാപങ്ങളെ അതിജീവിക്കുവാൻ നിങ്ങളെ സഹായിക്കുകയും ചെയ്യും.

6. ക്രിസ്തീയ ജീവിതം നയിക്കുവാൻ സഹക്രിസ്ത്യാനികൾ നിങ്ങളെ സഹായിക്കുകയും, ക്രിസ്ത്യാനിയായി തീർന്നതുകൊണ്ടു,

നിങ്ങളുടെ ജീവിതത്താലും ഉപദേശത്താലും മറ്റുള്ളവരെ സഹായിക്കുന്നവരായി തീരും.

7. ആയുസ്സ് അനിശ്ചിതമാണ്. ഇപ്പോഴത്തെ സമയം മാത്രമാണ് നിങ്ങൾക്കു തീർച്ചപ്പെടുത്താവുന്നത്.

8. നിത്യത പ്രതിഫലം ആസ്വദിക്കുവാനുള്ള ദീർഘകാലമാണ്, എന്നാൽ അതു ശിക്ഷക്കുള്ള നീണ്ട കാലവുമാകാം.

9. യേശുവിനു എപ്പോൾ വേണമെങ്കിലും മടങ്ങിവരാം. നാം ഏതു സമയത്തും ഒരുങ്ങിയിരിക്കണം (മത്താ. 24:42-46).

10. അനുസരിക്കുവാൻ കാത്തിരിക്കുന്നതിൽ ഒന്നും നേടുവാനില്ല, എന്നാൽ കാത്തിരുന്നാൽ എല്ലാവരും നഷ്ടപ്പെടുകയാണ്.

11. ലോകത്തിനു നിങ്ങളിൽ നിന്നും എടുക്കുവാൻ പറ്റാത്ത ഒരു ആന്തരിക സമാധാനം നിങ്ങൾക്കു ലഭിക്കും.

12. നിങ്ങൾക്കു ദൈവവുമൊത്തു വ്യക്തിപരമായി അടുത്തു നടക്കാം.

പഠിക്കുന്നയാൾ ഈ പന്ത്രണ്ടു നേട്ടങ്ങൾ ചൂണ്ടിക്കാണിച്ചിട്ടും പ്രതികരിക്കുന്നില്ലെങ്കിൽ, എന്തിനാണ് കാത്തിരിക്കുന്നതെന്നു ചോദിക്കുക. സുവിശേഷം അനുസരിക്കുവാൻ ഇപ്പോഴുള്ള സമയത്തേക്കാൾ നല്ല സമയം ഏതാണ് എന്നു അദ്ധ്യാപകനു ചോദിക്കാം. അയാളുടെ തടസ്സങ്ങളോടു സൗമ്യമായി ഇടപെടുക. അപ്പോഴും അയാൾ കാത്തിരിക്കുവാനായി താല്പര്യപ്പെടുന്നു എങ്കിൽ, അനുസരിക്കുവാൻ ഉദ്ദേശിക്കുന്ന സമയം ചോദിക്കുക. അയാൾ അനുസരിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നതു മനസ്സലിവും, കൃപയും, കരുണയുമുള്ള ദൈവത്തോടു നിങ്ങൾ പ്രതികരിക്കണം എന്നുള്ളതുകൊണ്ടാണ് എന്നും, നിങ്ങളുടെ ഇഷ്ടത്തോടു പ്രതികരിക്കുവാൻ *അല്ല* എന്നും ബോധ്യമാക്കുക.

അയാളെ നിങ്ങളുടേയും മറ്റുള്ളവരുടേയും പ്രാർത്ഥനയിൽ ഉൾപ്പെടുത്തുന്നതിൽ വിരോധമുണ്ടോ എന്നു ചോദിക്കുക. നിങ്ങൾ അയാളെ സ്നേഹിക്കുന്നുണ്ടെന്നും നിത്യതയിൽ നിങ്ങൾ അയാളുമൊപ്പം ദൈവത്തോടുകൂടെ വസിക്കുവാൻ ആഗ്രഹിക്കുന്നു എന്നു മനസ്സിലാക്കി കൊടുക്കുക. എന്നിട്ടും അയാൾ സുവിശേഷം അനുസരിക്കുന്നതിനു കാത്തിരിക്കണം എന്നു പറയുകയാണെങ്കിൽ, മറ്റൊരു പഠന സമയം ഏർപ്പെടുത്തുക.

---

### ***മറ്റൊരാളുടെ സ്വപ്നത്തിനുവേണ്ടിയുള്ള യാഗങ്ങൾ***

ആൽബ്രെക്റ്റ് ഡ്യൂറെർ ഒരു പെയിന്റർ ആകുവാൻ ആഗ്രഹിച്ചു. അയാൾക്കു ജെർമനിയിലെ ന്യൂറെങ്ങ്ബർഗിൽ പോകുവാൻ പണമില്ലായിരുന്നു, അയാൾ താമസിച്ചിരുന്നതു ഒരു വൃദ്ധ ദരിദ്രനോടുകൂടെ ആയിരുന്നു. ഒരാൾ ജോലി ചെയ്യുവാനും മറ്റൊരാൾ പഠിക്കുവാനും തീരുമാനിച്ചു. ഡ്യൂറെർ പഠിക്കുവാനായി പോകുവാനും താൻ കഠിനജോലി ചെയ്യു

വാൻ പോകാമെന്നും വൃദ്ധൻ പറഞ്ഞു. പിന്നീടു അദ്ധ്വാന ത്താൽ തന്റെ കൈകൾ തഴമ്പിച്ചു പെയിന്റു ചെയ്യുവാൻ പറ്റാ ത്തതായി കണ്ടു. ഈ സംഭവിച്ചതിൽ ഡുറർക്കു സങ്കടമുണ്ടാ യി. ഒരു ദിവസം ഡൂറർ മുറിയിൽ ചെന്നപ്പോൾ ആ വൃദ്ധൻ തന്റെ കൈകൾ മടക്കി ആദരവോടെ പ്രാർത്ഥിക്കുന്നതു കണ്ടു. അനുമോദനമായി ആ കൂപ്പിയ കൈകൾ ഡൂറർ വര ച്ചു. അവ നിസ്വാർത്ഥ സേവനത്തിന്റെയും ഉത്തമ സ്വഭാവ ത്തിന്റെയും അടയാളമായി നിലകൊള്ളുന്നു.

© 2009 Truth for Today